## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.357    10/03/2015-ൽ മറുപടിക്ക്

# പീറ്റ് കോക്ക് വൈദ്യുതി നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹിദ്<br>,, ലൂഡി ലൂയിസ്<br>,, എം.പി.വിൻസെന്റ്<br>,,സി.പി.മുഹമ്മദ്. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പീറ്റ് കോക്കിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) കൊച്ചിയിലെ ബി.പി.സി.എൽ. റിഫൈനറിയുടെ വികസന പദ്ധതികളുടെ ഭാഗമായി ലഭ്യമാകുന്ന ഉപോൽപ്പന്നമായ പെറ്റ്കോക്ക് എന്ന ഇന്ധനം ഉപയോഗപ്പെടുത്തി ഉദ്ദേശം 500 മെഗാവാട്ട് ശേഷിയുള്ള ഒരു താപ വൈദ്യുതി നിലയം സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എല്ലും., സംസ്ഥാന സർക്കാരും ലക്ഷ്യമിടുന്നു. |
| (സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (സി) പദ്ധതി സ്ഥാപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലം കൊച്ചിൻ റിഫൈനറിക്കു സമീപം FACT ന്റെ കൈവശമുള്ള ഏകദേശം 150 ഏക്കർ സ്ഥലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിക്കായി കൈമാറുന്ന കാര്യം FACTയുമായും കേന്ദ്ര സർക്കാരുമായും ചർച്ച ചെയ്തുവരികയാണ്. പദ്ധതി, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള DBFOT മാനദണ്ഡങ്ങൾക്കനുസരിച്ച് ടെണ്ടർ ചെയ്തു നടപ്പാക്കാനാണുദ്ദേശിക്കുന്നത്. എന്നാൽ, പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് INKEL താൽപ്പര്യം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ DBFOT ടെണ്ടർ വിളിക്കുന്നതിന് മുൻപ് 'Swiss Challenge' മോഡൽ പ്രകാരം ഒരു പ്രാഥമിക ഓഫർ നൽകുന്നതിന് INKEL ന് അവസരം നൽകാൻ തീരുമാനമായിട്ടുണ്ട്. |

| | |
|---|---|
| ( ഡി) ഇത്തരത്തിലുള്ള വൈദ്യുതി ഉൽ പ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളതെന്ന് വിശദമാക്കമോ ? | (ഡി) സ്ഥലം വിട്ടുകിട്ടുന്നതിന് FACT മായി ചർച്ച നടത്താൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി യിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനായി ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം നടത്തുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി കൾ എടുത്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ വിളിക്കുന്നതിന് മുന്നോടിയായി INKEL അവരുടെ പ്രാഥമിക ഓഫർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**